സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ നം: 0471 2317983 ഫാക്സ് : 0471 2310192 ഇ-മെയിൽ : secretarytdbtvm@gmail.com

ദേവസ്വം ബോർഡ് ആഫീസ്
തിരുവനന്തപുരം

ROC No. 8003/16/Est-1 27/03/2017

എല്ലാ ഓഫീസ് മേധാവികൾക്കും

വിഷയം:- സർവ്വീസിൽ നിന്നും പെൻഷനായ വിവിധ വിഭാഗം ജീവനക്കാരുടെ ആവശ്യങ്ങൾ സംബന്ധിച്ച് 2017 മാർച്ച് 14 -ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത്വച്ചു കൂടിയ വിവിധ പെൻഷൻ സംഘടനകളുടെ കോൺഫ റൻസിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്.

സൂചന:- 14.03.2017 ലെ കോൺഫറൻസ് മിനിറ്റ്സ്.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു.

14.03.2017 ൽ ദേവസ്വം ബോർഡ് ആസ്ഥാനത്ത് വച്ച് കൂടിയ വിവിധ പെൻഷൻ സംഘടനകളുടെ കോൺഫറൻസിന്റെ മിനിറ്റ്സ് ദേവസ്വം ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.travancoredevaswomboard.org ൽ 'orders' എന്ന ടൈറ്റിലിൽ പബ്ലിഷ് ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മിനിറ്റ്സ് ഡൗൺലോഡ് ചെയ്തെടുത്ത് ആയതിലെ തീരുമാന പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി

SK

Copy
EDP Section.

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**സർവ്വീസിൽ നിന്നും പെൻഷനായ വിവിധ വിഭാഗം ജീവനക്കാരുടെ ആവശ്യങ്ങൾ സംബന്ധിച്ച് 2017 മാർച്ച് 14 -ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത്വച്ചു കൂടിയ വിവിധ പെൻഷൻ സംഘടനകളുടെ കോൺഫറൻസിലെ മിനിറ്റ്സ് :**

ബഹുമാനപ്പെട്ട ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അവർകളുടെ അദ്ധ്യക്ഷതയിലും ബഹുമാന്യരായ ബോർഡ് മെമ്പർമാർ ശ്രീ. അജയ്തറയിൽ, ശ്രീ. കെ. രാഘവൻ എന്നിവരുടെ സാന്നിദ്ധ്യത്തിലും കൂടിയ യോഗത്തിൽ ബോർഡ് സെക്രട്ടറി ശ്രീ. വി.എസ്. ജയകുമാറിന് പുറമെ ചുവടെ വിവരിക്കുന്നവർ പങ്കെടുത്തു.

1) ശ്രീ. സി.പി. രാമരാജ പ്രേമ പ്രസാദ്, ദേവസ്വം കമ്മീഷണർ
2) ശ്രീ. ജി. മുരളീകൃഷ്ണൻ, ചീഫ് എഞ്ചിനീയർ (ജനറൽ)
3) ശ്രീ. എസ്. ഉണ്ണികൃഷ്ണൻ, ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
4) ശ്രീ. ബി. സന്തോഷ്കുമാർ, ദേവസ്വം അക്കൗണ്ട്സ് ആഫീസർ
5) ശ്രീ. കെ.പി. ഉണ്ണികൃഷ്ണൻ, രക്ഷാധികാരി, തിരുവിതാംകൂർ ദേവസ്വം പെൻഷനേഴ്സ് യൂണിയൻ
6) ശ്രീ. സി.ആർ. രാധാകൃഷ്ണൻ, ദേവസ്വം സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷൻ
7) ശ്രീ. ജി. ജയകുമാർ, പ്രസിഡന്റ്, ദേവസ്വം സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷൻ
8) ശ്രീ. ആർ.ഷാജിശർമ്മ, പ്രസിഡന്റ്, കേരള സ്റ്റേറ്റ് ദേവസ്വം പെൻഷനേഴ്സ് കോൺഫെഡറേഷൻ
9) ശ്രീ. ആനയറ ചന്ദ്രൻ, ജനറൽ സെക്രട്ടറി, കേരള സ്റ്റേറ്റ് ദേവസ്വം പെൻഷനേഴ്സ് കോൺഫെഡറേഷൻ
10) ശ്രീ. പി. വിജയചന്ദ്രൻ നായർ, പ്രസിഡന്റ്, തിരുവിതാംകൂർ ദേവസ്വം പെൻഷനേഴ്സ് യൂണിയൻ
11) ശ്രീ. പി.എസ്. പ്രസാദ്, ജനറൽ സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം പെൻഷനേഴ്സ് യൂണിയൻ

രാവിലെ 11:00 മണിക്ക് യോഗ നടപടികൾ ആരംഭിച്ചു.

സെക്രട്ടറി ശ്രീ. വി. എസ്. ജയകുമാർ യോഗത്തിൽ പങ്കെടുത്തവരെ സ്വാഗതം ആശംസിച്ചു.

യോഗം വിളിച്ചു കൂട്ടുവാനുണ്ടായ സാഹചര്യവും ആവശ്യകതയും ബഹുമാനപ്പെട്ട ദേവസ്വം ബോർഡ് പ്രസിഡന്റും മെമ്പർമാരും വിശദീകരിക്കുകയും ഡിപ്പാർട്ടുമെന്റ് നിലനിന്നാൽ മാത്രമേ സംഘടനകൾ ഉണ്ടാകൂ എന്നതിനാൽ പെൻഷൻ സംഘടനകൾ കൈക്കൊള്ളേണ്ട ക്രിയാത്മക നിലപാട് എന്തെല്ലാമാണെന്ന് എടുത്ത് പറയുകയും ചെയ്തു.

അതിനുശേഷം അജണ്ടയിലെ ഓരോ ഐറ്റവും വിശദമായി ചർച്ച ചെയ്ത് ചുവടെ വിവരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. **പെൻഷൻഫണ്ട് കോർപ്പസ് ഫണ്ടാക്കണമെന്ന ആവശ്യം ചർച്ച ചെയ്തു. പെൻഷൻഫണ്ട് കോർപ്പസ് ഫണ്ടാക്കി നിലനിർത്തി പെൻഷൻ നൽകുന്നതിന് തീരുമാനിച്ചു. ഈ ഫണ്ടിലേക്ക് 2017-18 വർഷത്തിൽ 50 കോടിയിൽ കുറയാത്ത തുക നിക്ഷേപിക്കാൻ തീരുമാനിച്ചു. കോർപ്പസ് ഫണ്ടാക്കിക്കൊണ്ട് Rule frame ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ ലാ ആഫീസർ, ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ, ദേവസ്വം അക്കൗണ്ട്സ് ആഫീസർ എന്നിവരെ ചുമതലപ്പെടുത്തി. കോർപ്പസ് ഫണ്ടാക്കി നിലനിർത്തുന്നതിന് ആവശ്യമായ തുക deposit ചെയ്യുന്നതിന് ക്രമീകരണം ഏർപ്പെടുത്താൻ**

ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ, ദേവസ്വം അക്കൗണ്ട്സ് ആഫീസർ എന്നിവരെ ചുമതലപ്പെടുത്തി.

2. 1985 ന് മുൻപുള്ളവർക്ക് പെൻഷന് പകരം നൽകിവരുന്ന എക്സ്ഗ്രേഷ്യാ വർദ്ധിപ്പിച്ച് നൽകണമെന്ന ആവശ്യം ചർച്ച ചെയ്ത് 1985 -ന് മുൻപുള്ള വർക്ക് പെൻഷന് പകരം നൽകിവരുന്ന എക്സ്ഗ്രേഷ്യാ പ്രതിമാസം 1,000/- രൂപ വർദ്ധിപ്പിച്ച് 01-4-2017 മുതൽ ആകെ 3,000/- (മുവായിരം) രൂപ നൽകുന്നതിന് തീരുമാനിച്ചു.

3. കണ്ടിജൻസി പെൻഷൻകാർക്ക് ഇപ്പോൾ നൽകിവരുന്ന മെഡിക്കൽ അലവൻസ് തുക 200/- രൂപ എന്നത് എസ്റ്റാബ്ലിഷ്മെന്റ് പെൻഷൻകാർക്ക് നൽകുന്ന ക്രമം 300/- രൂപയാക്കണമെന്ന ആവശ്യം ചർച്ച ചെയ്തു. 01-4-2017 മുതൽ എസ്റ്റാബ്ലിഷ്മെന്റ് പെൻഷൻകാർക്ക് നൽകുന്ന ക്രമം 300/- രൂപ കണ്ടിജൻസി പെൻഷൻകാർക്കും മെഡിക്കൽ അലവൻസ് നൽകുന്നതിന് തീരുമാനിച്ചു.

4. ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ പെൻഷൻ ബുക്ക് വാങ്ങിയശേഷം തിരികെ ലഭിക്കുന്നില്ലെന്ന പരാതി സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം ആരാഞ്ഞു. ചില എൻട്രികൾ പൂർണ്ണമായും രേഖപ്പെടുത്താ നുള്ളതായും തെറ്റുകൾ തിരുത്താനുള്ളതായും ദേവസ്വം അക്കൗണ്ട്സ് ആഫീസർ അറിയിച്ചു. നടപടിക്രമം പൂർത്തിയാക്കി ഉടൻ തിരികെ ലഭ്യമാക്കുന്നതിന് ദേവസ്വം അക്കൗണ്ട്സ് ആഫീസറെ ചുമതല പ്പെടുത്തി. ഓൺലൈൻ സംവിധാനത്തിലൂടെ പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കാനും ദേവസ്വം അക്കൗണ്ടസ് ആഫീസറെ ചുമതലപ്പെ ടുത്തി.

5. പെൻഷൻ പറ്റിയ ക്ഷേത്ര ജീവനക്കാർക്ക് ഓരോ ഡയറിയും കലണ്ടറും സൗജന്യമായി നൽകണമെന്ന ആവശ്യം ചർച്ച ചെയ്തു. 2018 വർഷം മുതൽ ആയത് നൽകുന്നതിനും ഓരോ ഉദ്യോഗസ്ഥരും പെഷൻപറ്റിയ ആഫീസിൽ നിന്നും ഓരോ ഡയറിയും കലണ്ടറും കൈപ്പറ്റുന്ന രീതിയിൽ ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നതിന് ദേവസ്വം കമ്മീഷണ റേയും സാംസ്ക്കാരിക-പുരാവസ്തു വകുപ്പ് ഡയറ്കടറേയും ചുമതലപ്പെ ടുത്തി.

6. പെൻഷൻകാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അദാലത്ത് നട ത്തണമെന്ന ആവശ്യം ചർച്ച ചെയ്ത് താമസംവിനാ അദാലത്ത് നടത്തുന്ന തിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി.

7. പെൻഷൻപറ്റിയ ജീവനക്കാരുടെ മക്കളുടെ വിവാഹത്തിന് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ആഡിറ്റോറിയങ്ങൾ സൗജന്യമായി അനുവദിക്കണ മെന്ന ആവശ്യം ചർച്ച ചെയ്തു. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സുമംഗലി, തൃക്കാക്കര, നെട്ടോർകോട്ടുകാവ് ആഡിറ്റോറിയങ്ങൾ ഒഴികെ യുള്ള വിവിധ ദേവസ്വങ്ങളിലെ സദ്യാലയങ്ങൾ ലാസ്റ്റ്ഗ്രേഡ് അനുവദിക്കു ന്നതിന് മുൻപ് പെൻഷൻ പറ്റിയ ജീവനക്കാരുടെ മക്കൾക്ക് മാത്രം വാടക യിനത്തിൽ (മാത്രം) 25 % ഡിസ്കൗണ്ടിൽ നൽകുന്നതിന് അനുവദിക്കുന്ന തിന് തീരുമാനിച്ചു.

8. പെൻഷൻകാർക്ക് മരണാനന്തര ചടങ്ങുകൾക്ക് തുക അനുവദിക്കണമെന്ന ആവശ്യം ചർച്ച ചെയ്ത് എക്സ്ഗ്രേഷ്യാ വാങ്ങുന്ന പെൻഷൻകാർക്ക് മാത്രം 5,000/- രൂപ വീതം ഇതിലേക്കായി അനുവദിക്കുന്നതിന് തീരുമാ നിച്ചു.

9. പെൻഷൻകാർക്കും ഐഡന്റിറ്റി കാർഡ് നൽകണമെന്ന ആവശ്യം ചർച്ച ചെയ്തു. പെൻഷൻകാർക്കും ഐഡന്റിറ്റി കാർഡ് നൽകുന്നതിന് തീരുമാനിച്ചു. നിലവിൽ ഐഡന്റിറ്റി കാർഡ് വിതരണം നടത്തുന്ന ടീമിനെ ഇതിലേക്ക് ചുമതലപ്പെടുത്തി.

10. ക്ഷേത്ര ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുമ്പോൾ തന്നെ ഫാമിലി പെൻഷൻ ഉത്തരവ് കൂടി പുറപ്പെടുവിക്കണമെന്ന ആവശ്യം ചർച്ച ചെയ്തു. മേലിൽ പെൻഷൻ അനുവദിക്കുന്ന ഉത്തരവിൽ തന്നെ ഫാമിലി പെൻഷന്റെ വിവരം കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി.

11. പെൻഷൻ ആനുകൂല്യങ്ങൾ വൈകുന്നത് ഒഴിവാക്കി യഥാസമയം നൽകണമെന്ന ആവശ്യം ചർച്ച ചെയ്തു. പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് താമസിക്കുന്ന സാഹചര്യം ഒഴിവാക്കി ആയത് യഥാസമയം ലഭ്യമാകുന്നതിന് കർശന ക്രമീകരണം ഏർപ്പെടുത്തുന്നതിന് ദേവസ്വം കമ്മീഷണർ, ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ, ദേവസ്വം അക്കൗണ്ട്സ് ആഫീസർ എന്നിവരെ ചുമതലപ്പെടുത്തി.

12. ടെമ്പിൾ എംപ്ലോയീസ് പെൻഷൻകാരുടെ ഫാമിലി പെൻഷൻ വർദ്ധിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്തു. ക്ഷേത്രജീവനക്കാർക്ക് 01-7-2017 മുതൽ ക്ലാസ് IV ആനുകൂല്യം അനുവദിച്ചിട്ടുള്ളതിനാൽ ആയത് finalize ചെയ്ത് സാമ്പത്തികനില കൂടി പരിശോധിച്ചശേഷം ഇക്കാര്യത്തിൽ നടപടി കൈക്കൊള്ളുന്നതിന് തീരുമാനിച്ചു.

13. ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തിയത് - ദിവസവേതന കാലയളവുകൂടി പെൻഷന് പരിഗണിക്കണമെന്ന ആവശ്യം ചർച്ച ചെയ്തു. ആയത് സംബന്ധിച്ച ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള G.O(P) No. 543/89/Fin dated 20-11-1989 & G.O(P) No. 540/94/Fin dated 30-9-1994 എന്നീ ഉത്തരവുകൾപ്രകാരം 1994 -ന് മുമ്പ് ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവർക്കുമാത്രം ബാധകമാക്കുന്ന രീതി തുടരുന്നതിന് തീരുമാനിച്ചു.

14. 2014 ലെ ശമ്പളപരിഷ്കാരത്തിൽ ടെമ്പിൾ എംപ്ലോയീസിന് നൽകിയ 9 % ഫിറ്റ്മെന്റ് എസ്റ്റാബ്ലിഷ്മെന്റിന് തുല്യമായി (18 %) വർദ്ധിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്തു. പേ റിവിഷൻ സംബന്ധിച്ച് രൂപീകരിച്ച അനോമിലി കമ്മിറ്റി ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ആയത് ലഭിച്ച ശേഷം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും തീരുമാനിച്ചു.

പങ്കെടുത്ത എല്ലാപേർക്കും നന്ദി രേഖപ്പെടുത്തി യോഗം കൃത്യം 01:30 മണിക്ക് സമാപിച്ചു.

**ROC 8003/16/Est-1**
**14-03-2017**

സെക്രട്ടറി

SK